പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-108 27.06.2011- ൽ മറുപടിക്ക്

## സുറുമി കൊലക്കേസിന് പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എം. ആരിഫ് | : | ബഹു. മുഖ്യമന്ത്രി |
| അരൂർ മണ്ഡലത്തിലെ സുറുമി കൊലക്കേസിന് പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | | അരൂർ മണ്ഡലത്തിലെ സുറുമി കൊലക്കേസ് ചേർത്തല ഫസ്റ്റ് ക്ലാസ് മജിട്രേറ്റ് കോടതിയിൽ നിന്നും 10-05-2011-ൽ ആലപ്പുഴ ജില്ലാ സെഷൻസ് കോടതിയിലേക്ക് മാറ്റിയിട്ടുണ്ട്. ടി കേസിൽ പ്രതി ഹാജരാകുന്നതിന് സെഷൻസ് കോടതിയിൽ നിന്നും സമൻസ് അയച്ചതിനുശേഷം മാത്രം പബ്ലിക് പ്രോസിക്യൂട്ടർ കോടതി മുമ്പാകെ ഹാജരാകേണ്ടതായിട്ടുള്ളതിനാൽ ആലപ്പുഴ സെഷൻസ് കോടതിയിൽ ഇതുവരെ പബ്ലിക് പ്രോസിക്യൂട്ടർ ഹാജരായിട്ടില്ല. ടി കേസിനുവേണ്ടി പ്രത്യേകമായി പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചിട്ടില്ല. ചേർത്തല ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ടി കേസ് നിലവിലിരുന്ന കാലത്ത് ചേർത്തല അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഹാജരായിട്ടുണ്ട്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ